# അക്കാദമിക മാസ്റ്റർ പ്ലാൻ

**റവന്യൂ ജില്ല**: പാലക്കാട്

**സ്കൂൾ കോഡ്**: 21337

- **സ്കൂളിൻ്റെ പേര്**: ആർ.കെ.എം.എ.എൽ.പി.എസ് കല്യാണപ്പേട്ട

**പിൻ കോഡ്**: 678534

**ഫോൺ**: -

**ഗ്രാമ പഞ്ചായത്ത്**: പെരുമാട്ടി

**വിദ്യാഭ്യാസ ജില്ല**: പാലക്കാട്

**സബ് ജില്ല**: ചിറ്റൂർ

**ക്ലാസ്സുകൾ**: പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ്സ് വരെ

**മാനേജ്മെൻ്റ്**: എയ്ഡഡ്

**ബോധന മാധ്യമം**: ഇംഗ്ലീഷ് & മലയാളം

## ചരിത്രം

രാമൻകണ്ടൻ എന്ന വ്യക്തി തനിക്കു കിട്ടാത്ത വിദ്യാഭ്യാസം തന്റെ നാട്ടിലുള്ള പാവങ്ങളുടെ മക്കൾക്ക് കിട്ടണം എന്ന ആഗ്രഹം മകനായ ആർ. കൃഷ്ണൻകുട്ടിയോട് പറയുകയും, അതിന്റെ ഫലമായി മകൻ അച്ഛന്റെ പേരിൽ നിർമിച്ചതുമാണ് ഈ വിദ്യാലയം. ഏകാധ്യാപക വിദ്യാലയമായിരുന്നു. 21വർഷം സൈന്യത്തിൽ സേവനമനുഷ്ഠിച്ചു വിരമിച്ച ഗോവിന്ദൻകുട്ടിനായരാണ് ആദ്യത്തെ അദ്ധ്യാപകൻ. ദേശത്തെ പ്രഥമവിദ്യാലയം പ്രവർത്തനമാരംഭിച്ച ആ സുദിനം ഇന്നും പഴമക്കാരായ ദേശവാസികളുടെ ഓർമകളിൽ തെളിഞ്ഞു നിൽക്കുന്നു.അന്ന് ഗ്രാമത്തിലെങ്ങും ഉത്സവപ്രതീതിയായിരുന്നുവത്രെ.

സ്ഥലത്തെ കർഷകരും തൊഴിലാളികളുമടങ്ങുന്ന ജനാവലി സ്കൂൾ മാനേജർ ആർ. കൃഷ്ണൻകുട്ടിയുടെ വീട്ടിലെ കൊട്ടിൽപ്പുരയിൽ ഒത്തുകൂടി നിലവിളക്കു തെളിയിച്ചാണ് ഗോവിന്ദൻകുട്ടി മാസ്റ്ററെ സ്വീകരിച്ചത്. 91 കുട്ടികളാണ് അന്ന് പ്രവേശനം നേടിയത്.

കഴിഞ്ഞ 31 വർഷക്കാലമായി ഈ ഗ്രാമത്തിലെ അറിവിന്റെ വെളിച്ചമായി ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. സർക്കാർ ഉദ്യോഗസ്ഥർ, അഭിഭാഷകർ,സാമൂഹിക പ്രവർത്തകർ , കലാപ്രതിഭകൾ എന്നിങ്ങനെ നാനാതുറകളിൽ പ്രവർത്തിക്കുന്ന വ്യക്തികളെ വാർത്തെടുക്കുവാൻ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട് .

## ആമുഖം

ആർ.കെ.എം.എ.എൽ.പി. സ്കൂൾ, കല്യാണപ്പേട്ട — പാലക്കാട് ജില്ലയിലെ ചിറ്റൂർ സബ് ജില്ലയുടെ പരിധിയിലുള്ള പെരുമാട്ടി ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. പ്രീ-പ്രൈമറി മുതൽ  നാലാം ക്ലാസ് വരെയുള്ള ഈ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ, മലയാളവും ഇംഗ്ലീഷുമാണ് ബോധനമാധ്യമങ്ങൾ. വിദ്യാലയം ശിശു സൗഹൃദപരമായ, ശാന്തമായ പഠന അന്തരീക്ഷം സൃഷ്ടിക്കുന്നതോടൊപ്പം, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് പ്രതിജ്ഞാബദ്ധമാണ്.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം പ്രകടിപ്പിച്ച്, സാമൂഹ്യ അംഗീകാരം നേടിയ

വിദ്യാലയമാണിത്. ഓരോ കുട്ടിയുടെയും സർവതോമുഖ വളർച്ച ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പഠന ശേഷികൾ നേടുന്നതിന് ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണക്കാക്കി ചിട്ടയായ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുന്നു

2025-26 അധ്യയന വർഷത്തിനായി രൂപകല്പന ചെയ്തിരിക്കുന്ന ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ,

വിദ്യാലയത്തിൻറെ ഗുണനിലവാര വളർച്ചയിലൂടെ

വിദ്യാർത്ഥികളിൽ സമഗ്രഗുണമേന്മ  ഉറപ്പു വരുത്തി

ശാസ്ത്രീയമായ പഠനസംവിധാനങ്ങളിലൂടെ ഒരു ശക്തമായ വിദ്യാഭ്യാസ സംസ്കാരം സൃഷ്ടിക്കുവാനാണ്

ലക്ഷ്യമിടുന്നത്.

## പ്രധാന പ്രവർത്തനങ്ങൾ

- ഭാഷാശേഷി വികസന പരിപാടികൾ
- ഗണിതശേഷി വളർത്തൽ പദ്ധതികൾ
- ഇംഗ്ലീഷ് ഭാഷയുടെ അഭിവൃദ്ധിക്കായുള്ള പ്രവർത്തനങ്ങൾ
- ശാസ്ത്ര പരിപോഷണം

. ലൈബ്രറി ശാക്തീകരണം

- LSS പരീക്ഷ' പരിശീലനങ്ങൾ
- ഐ. ടി പഠനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള മാർഗങ്ങൾ
- കായിക പരിശീലനങ്ങൾ — സ്കൂൾ കായികമേളകൾ ഉൾപ്പെടെ
- സാഹിത്യ ശിൽപശാലകൾ — കഥ,, കവിത,
- പ്രധാന ദിനാചരണങ്ങൾ ക്ലാസ്സ് പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ആചരിക്കൽ

ക്ലാസ്സ് പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി മൂല്യബോധ പ്രവർത്തനങ്ങൾ

പി.ടി.എ. മീറ്റിംഗുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ

- വായനസാമഗ്രികൾ വികസിപ്പിക്കൽ

പ്ലാസ്റ്റിക് വിമുക്ത വിദ്യാലയ പ്രവർത്തനം

- മൂല്യനിർണയം കാര്യക്ഷമമാക്കൽ

- ടാലൻറ് ലാബ കവിതാലാപനം, അഭിനയം, രചന മുതലായ രംഗങ്ങളിൽ കഴിവുകൾ

### . **കുട്ടികളിലെ ശാസ്ത്രീയ** ഭാവം വളർത്തൽ

### .ആരോഗ്യ കായിക വിദ്യാഭ്യാസം

### . L S S പരിശീലനം

### .മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ

### .C P T A ശക്തിപ്പെടുത്തൽ

.സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ

. സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ

. അറബിക് മധുരം പ്രവർത്തനങ്ങൾ

## പ്രവർത്തനം-വിശദാംശങ്ങൾ

മലയാളം

| ലക്ഷ്യം | പ്രവർത്തനം | സമയക്രമം | ചുമതല | അവതരണ സന്ദർഭം |
|---|---|---|---|---|
| ഭാഷാശേഷി എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | വെളിച്ചം- തനത് പ്രവർത്തനം<br><br>അക്ഷരം ഉറപ്പിക്കൽ പ്രവർത്തനങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ പ്രവർത്തനങ്ങൾ, വായന പ്രവർത്തനങ്ങൾ, പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പ്രവർത്തനം | ജൂൺ - മാർച്ച് | അദ്ധ്യാപകൻ | CPTA |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കൽ | ക്ലാസ്സ് ലൈബ്രറി മെച്ചപ്പെടുത്തൽ, ക്ലാസ്സ് വായനക്കൂട്ടം, അസംബ്ലി – പത്രവായന, ജന്മദിന പുസ്തകം, മികച്ച വായനയ്ക്ക് പ്രോത്സാഹനം | ജൂൺ - ഫെബ്രുവരി | അദ്ധ്യാപകർ വിദ്യാരംഗം കലാ സാഹിത്യ വേദി | CPTA അസംബ്ലി ബാലസഭ |

| | | | | |
|---|---|---|---|---|
| | വായനസാമഗ്രികൾ<br>വികസിപ്പിക്കൽ | | | |
| സർഗ്ഗശേഷി വികസനം | അസംബ്ലിയിൽ വായനാനുഭവം പങ്കുവയ്ക്കൽ, രചന ശിൽപശാല, ക്വിസ് മത്സരങ്ങൾ, ബാലസഭ, അമ്മ വായന, പുസ്തകക്കുറിപ്പുകൾ, ക്ലാസ്സ് തല ഇൻ ലൻഡ് മാഗസിൻ, സ്കൂൾ വിക്കി/Fb Page/Blog, ബാല പ്രസിദ്ധീകരണങ്ങളിലേക്ക് രചനകൾ അയയ്ക്കൽ<br><br>പ്രതിമാസ സ്കൂൾ പത്രം | ജൂലൈ - ഫെബ്രുവരി | അദ്ധ്യാപകർ | അസംബ്ലി<br><br>CPTA<br><br>സാമൂഹ്യ മാധ്യമങ്ങൾ |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി നേടൽ | ഇംഗ്ലീഷിൽ ക്ലാസ്സുകൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, സ്കിറ്റ് പരിശീലനം, English അസംബ്ലി, Spell Bee, Spoken English class<br>English Fest | **English**<br><br>ജൂൺ - ഫെബ്രുവരി<br><br>'<br><br>March | അദ്ധ്യാപകർ | CPTA<br>Assemby |
| വിവിധ | പ്രധാന | ജൂൺ - | അദ്ധ്യാപ | |

| | | | | |
|---|---|---|---|---|
| ശേഷികളുടെ വികാസം<br><br>ടാലൻ്റ് ലാബ് | ദിനാചരണങ്ങൾ, പഠന പ്രവർത്തനവുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കുന്നു.<br><br>കല, ,രചന. നൈപുണികൾ വികസിപ്പിക്കൽ<br><br>വിദ്യാലയ വാണി | മാർച്ച് | കർ | CPTA<br>.<br>Assembly<br><br>സമൂഹമാധ്യമങ്ങൾ |
| കുട്ടികളിലെ ശാസ്ത്രീയ മനോഭാവം വളർത്തൽ | ലഘു ശാസ്ത്രീയ പരീക്ഷണങ്ങൾ,<br><br>ശാസ്ത്രദിനാചരണം,<br><br>വിജ്ഞാനവത്കരണ ക്ലാസുകൾ<br><br>പക്ഷി നിരീക്ഷണ ക്ലാസ്സുകൾ<br><br>വാനനിരീക്ഷണം | **പരിസര പഠനം**<br><br>ജൂൺ - മാർച്ച് | അദ്ധ്യാപകർ | CPTA<br>Assembly<br>പഠനോത്സവം |
| ഗണിതത്തിലെ അടിസ്ഥാന വികാസം | ഗണിത മധുരം<br><br>പിന്തുണ പ്രവർത്തനങ്ങൾ | ഗണിതം | | CPTA |

| | | | | |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസം | പ്രശ്ന നിർധാരണ പരിശീലനം<br><br>ഗണിത പഠന മൂല<br><br>ഗണിത ക്ലബ്ബ്<br><br>മന ഗണിത പ്രവർത്തനങ്ങൾ<br><br>ഗണിത ക്വിസ് പരിശീലനം<br><br>ദിവസേന യോഗ, കളികൾ, zumba<br><br>പ്രകൃതി നടത്തം ആരോഗ്യ ബോധവത്കരണം<br><br>Healthy Kids Activities<br><br>നാടൻ ഭക്ഷ്യമേള<br><br>ഹരിത വിദ്യാലയം പ്ലാസ്റ്റിക് വിമുക്ത വിദ്യാലയ പ്രവർത്തനം | ജൂൺ - മാർച്ച് | അദ്ധ്യാപക ർ | പഠനോത്സവം |
| പരമാവധി | തിളക്കം<br><br>പ്രത്യേക LSS | ആഗസ്റ്റ് - ഫെബ്രുവ | അധ്യാപ | C P T A |

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് LSS വിജയം ഉറപ്പാക്കൽ<br><br>മൂല്യനിർണയ പ്രവർത്തന ങ്ങൾ കാര്യക്ഷമമാ ക്കൽ | പരിശീലന ക്ലാസുകൾ, മാതൃകാ പരീക്ഷകൾ<br><br>യൂണിറ്റ് ടെസ്റ്റ് നിരന്തര വിലയിരുത്തൽ | രി<br><br>ജൂൺ ഫെബ്രുവ രി | കർ | C P T A |
| CPTA ശക്തിപ്പെടു ത്തൽ | രക്ഷാകർത്തൃ കൂട്ടായ്മകൾ, പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | ഹെഡ് മാസ്റ്റർ, PTA | |
| മുഴുവൻ രക്ഷിതാക്ക ളെയും കുട്ടികളുടെ മികവ്, പോരായ്മക ൾ എന്നിവ തിരിച്ചറിഞ്ഞ് പിന്തുണ നൽകാൻ സജ്ജരാക്കൽ<br><br>സസ്യ സംരക്ഷണ പ്രവർത്തന ങ്ങൾ<br><br>അറബിക് ഭാഷാ | എല്ലാ രക്ഷിതാക്കളുമാ യി ആശയവിനിമയം, പ്രകടന വിലയിരുത്തൽ റിപ്പോർട്ടുകൾ<br><br>ചെടികളുടെ സംരക്ഷണ കാമ്പെയിൻ പോസ്റ്റർ നിർമ്മാണം പൊതു ഇടങ്ങളിൽ വൃക്ഷത്തൈ നടൽ നട്ട തൈകൾ പരിപാലനം<br><br>അറബിക് മധുരം | ജൂൺ - മാർച്ച്<br><br>ജൂൺ- മാർച്ച്<br><br>ജൂൺ. - മാർച്ച് | ക്ലാസ് അദ്ധ്യാപക ർ<br><br>അറബിക് അദ്ധ്യാപക ൻ | -<br><br>CPTA പഠനോത്സ വം |

| | | | | |
|---|---|---|---|---|
| ശേഷീ വികാസം<br><br>ഭൗതിക സൗകര്യങ്ങൾ<br><br>മെച്ചപ്പെടുത്തൽ | പ്രവർത്തനങ്ങൾ<br><br>അറബിക് അക്ഷര കാർഡുകൾ നൽകി വായന മെച്ചപെടുത്തുന്നു അക്ഷര കാർഡുകൾ നൽകി പദങ്ങൾ കണ്ടെത്തി കുറെ വാക്കുകൾ മനസിലാക്കുന്നു ഓരോ ദിവസവും മൂന്ന് നാല് ക്ലാസുകളിലെ കുട്ടികൾക്ക് പുതിയ ഓരോ അറബിക് പദം നൽകി പഠിപ്പിക്കുന്നു<br><br>ക്ലാസ്സ് ടൈൽ ഇടൽ<br><br>ക്ലാസ്സ് മുറികളുടെ ചുമരുകൾ ഉയർത്തൽ<br><br>കളിസ്ഥലം ആകർഷകമാക്കൽ<br><br>പ്രൊജക്ടറുകൾ ക്ലാസ്സുകളിൽ സ്ഥാപിക്കൽ | 2025 ഏപ്രിൽ മുതൽ<br><br>2026 മെയ് വരെ | സ്കൂൾ മാനേജ്മെൻ്റ്. .<br>S M<br>പഞ്ചായത്ത്<br>PTA | |

| | | | | |
|---|---|---|---|---|
| | ശിശു സൗഹൃദ ഫർണിച്ചർ<br><br>പ്രീ - പ്രൈമറി ക്ലാസ്സുകൾ ആകർഷകമാക്കൽ | | | |

## ഉപസംഹാരം

കല്യാണപ്പേട്ട ആർ.കെ.എം.എ.എൽ.പി. സ്കൂളിൻ്റെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ സർവതോമുഖ വികാസത്തിനായി സൂക്ഷ്മതയ ഉ്പന ചെയ്തതാണ്. ഈ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രക്ഷിതാക്കളുടെയും, പൊതുസമൂഹത്തിന്റെയും, ജനപ്രതിനിധികളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സജീവ സഹകരണം പ്രതീക്ഷിക്കുന്നു

ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾ വഴി ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും, അവരിൽ

വ്യക്തിത്വവും സാമൂഹിക ബോധവും

വളർത്താനാവുമെന്ന് കരുതുന്നു.